" ഭരണഭാഷ, മാതൃഭാഷ "

നമ്പർ റ്റി1/102172/2019/കോ:വി:വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി: 03/12/19

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്:- ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് - സ്കോളർഷിപ്പ് അപേക്ഷകളുടെ ഇൻസ്റ്റിറ്റ്യൂട്ട്തല വെരിഫിക്കേഷൻ പൂർത്തിയാക്കുന്നത് - സമയപരിധി ദീർഘിപ്പിച്ചത് സംബന്ധിച്ച്.

സൂചന:- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നുള്ള 2/12/2019 ലെ ഇ-മെയിൽ.

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നുള്ള 2/12/2019-ാം തീയതിയിലെ ഇ-മെയിൽ പ്രകാരം ന്യൂനപക്ഷ മത വിഭാഗങ്ങളിലെ പ്ലസ്‌വൺ മുതൽ ഉയർന്ന ക്ലാസുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് (2019-20) സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും സ്വീകരിച്ചിട്ടുള്ള ഫ്രെഷ്/റിന്യൂവൽ അപേക്ഷകളിൽ ഇൻസ്റ്റിറ്റ്യൂട്ട് തല ഓൺലൈൻ വെരിഫിക്കേഷൻ/റീ വെരിഫിക്കേഷൻ ചെയ്യുന്നതിനുള്ള അവസാന തീയതി 2019 ഡിസംബർ 10 വരെ ദീർഘിപ്പിച്ചതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ അപേക്ഷകൾ ലഭിച്ചിട്ടുള്ള കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് തല നോഡൽ ഓഫീസർമാർ 2019 ഡിസംബർ 10-ാം തീയതിയ്ക്കുള്ളിൽ സ്കോളർഷിപ്പ് അപേക്ഷകളുടെ വെരിഫിക്കേഷൻ/റീ വെരിഫിക്കേഷൻ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വെബ്സൈറ്റിലെ ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഫൈൽ ലോഗിൽ മുഖാന്തിരം ചെയ്തു തീർക്കേണ്ടതാണ് എന്ന് സംസ്ഥാന തല സ്കോളർഷിപ്പ് നോഡൽ ഓഫീസർ അറിയിക്കുന്നു. സ്കോളർഷിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഫോൺ - 0471-2306580, 9446780308, 9446096580

ഇ-മെയിൽ - postmatricschoarship@gmail.com

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ഗീതു 03/12/19

JJ